ക്കുകയായിരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ കണവ, പാര, തിരണ്ടി, പരവ മുതലായ മത്സ്യങ്ങളാണ് കൂടുതലായി ലഭ്യമാകുന്നത്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 83.39 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്പെഷ്യൽ സെക്യൂരിറ്റി സോണിൽ അനധികൃത കെട്ടിടനിർമ്മാണം

22 (*502) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമാണ് ;

(ബി) സ്പെഷ്യൽ സെക്യൂരിറ്റി സോണുകളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ദൂരപരിധിയും ഉയരപരിധിയും നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) സ്പെഷ്യൽ സെക്യൂരിറ്റി സോണിൽ പരിധി ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ഉള്ള സാഹചര്യത്തിൽ വി. ഐ. പി. കെട്ടിടങ്ങൾക്ക് സെക്യൂരിറ്റി സംവിധാനം എങ്ങനെ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ ;

(ഡി) നിയമസഭ, രാജ് ഭവൻ തുടങ്ങിയ സ്പെഷ്യൻ സെക്യൂരിറ്റി സോണുകളുടെ നിശ്ചിത പരിധികൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം അറിവുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളത്തിൽ സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടില്ല.

(ബി) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടം 32(3) പ്രകാരം, നിർമ്മാണം, പുനർ നിർമ്മാണം, കൂട്ടിച്ചേർക്കൽ എന്നിവ നിർദ്ദിഷ്ട സെക്യൂരിറ്റി സോണുകൾക്കുള്ളിൽ നടത്തുമ്പോൾ, കെട്ടിടത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം വരെയുള്ള മൊത്തം ഉയരം 10 മീറ്ററിൽ കൂടാത്തതോ അഥവാ ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന പ്രകാരമോ, ഇവയിൽ ഏതാണോ കുറവ്, അപ്രകാരം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട സെക്യൂരിറ്റി സോണിലെ നിലവിലെ ഏതൊരു കെട്ടിടത്തിനും അതിന്റെ ഏറ്റവും ഉയർന്ന ഭാഗംവരെ മൊത്തം ഉയരം 10 മീറ്ററോ അതിലധി

LIBRARY ARCHIVES Kerala Legislative Assembly

കമോ ഉള്ള പക്ഷം മുകളിലോട്ട് തുടർന്ന് കൂട്ടിച്ചേർക്കലുകൾ പാടില്ല എന്നും പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി & ഡി) സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പരിധി എത്രയാണെന്നോ, ലംഘനം ഉണ്ടോ എന്നോ പറയാൻ സാധിക്കുകയില്ല.

പോലീസ് യൂണിഫോം പരിഷ്ക്കരിക്കാൻ നടപടി

23 (*503) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ യൂണിഫോമിന് പുതിയ രൂപം നൽകാനുള്ള പദ്ധതി ഏതു ഘട്ടം വരെയായി ;

(ബി) യൂണിഫോമിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുക ;

(സി) യൂണിഫോം പരിഷ്കരിക്കുന്നതിന് ഏതെങ്കിലും വിദഗ്ദ്ധ ഏജൻസികളുടെ സഹായം തേടിയിരുന്നോ ; എങ്കിൽ ഏജൻസി ഏതാണ് ;

(ഡി) പ്രസ്തുത ഏജൻസിയുടെ പരിഷ്കരണ ശുപാർശകൾ എന്തെല്ലാമാണ് ;

(ഇ) പോലീസ് യൂണിഫോമിന്റെ പരിഷ്കരിച്ച രൂപം എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളാ പോലീസിന്റെ യൂണിഫോം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി കേരള പോലീസ് യൂണിഫോം പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള ശുപാർശകൾ 31-5-2010-ന് പോലീസ് ഡയറക്ടർ ജനറലിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) യൂണിഫോമിൽ വരുത്തേണ്ട മാറ്റങ്ങൾ ഇതു സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചശേഷമേ തീരുമാനിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly